"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തൃശ്ശൂർ നഗരസഭയിൽ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പ്രശാന്ത്.എം.കെ-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1132/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 11/06/2021

പരാമർശം:- 1 നഗരകാര്യഡയറക്ടറുടെ 06.03.2021 തീയതിയിലെ ഇ8-14272020 നമ്പർ കത്ത്.

2 നഗരകാര്യവകുപ്പ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 01.02.2021 തീയതിയിലെ ഇ8-14272020(1) നമ്പർ ഉത്തരവ്

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 20.08.2009തീയതിയിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.പ്രശാന്ത്.എം.കെ. ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ 22.02.2018ൽ ആണ് വിജയിച്ചിട്ടുള്ളത് എന്നതിനാൽ 23.02.2018ൽ ടിയാന്റെ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ നിരീക്ഷണ കാലയളവ് കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം 24.02.2018വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 1 പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് നൽകിയിരുന്നു.

2. 20.08.2009 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.പ്രശാന്ത്.എം.കെ. യുടെ നിരീക്ഷണ കാലയളവ്, ടിയാൾ ടി തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയായതിന്റെ തൊട്ടടുത്തദിവസം മുതൽ ഒരു വർഷത്തേക്ക് (20.08.2012വരെ) പരാമർശം 2 പ്രകാരം നിയമനാധികാരി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ 20.08.2009ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.പ്രശാന്ത്.എം.കെ 22.02.2018 ലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ വിജയിച്ചത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 23.02.2018

പൂർവ്വാഹനത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ച നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 21.08.2012 മുതൽ 24.02.2018വരെ, KS&SSRs, Part II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Jaisy Paul
അണ്ടർ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.പ്രശാന്ത്.എം.കെ, എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ, തൃശ്ശൂർ നഗരസഭ
( നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, തൃശ്ശൂർ നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2